എൻ.സി.ഡി.സി. അംഗീകാരത്തോടെ നവീകരണ പദ്ധതികൾക്കായി 2014-15 ബഡ്ജറ്റിൽ സർക്കാർ 298 ലക്ഷം രൂപ വകയിരുത്തിയതിൽ തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിനായി 99.33 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ നവംബർ 30-ാം തീയതി വരെ മില്ലിന്റെ നഷ്ടം 4.10 കോടി രൂപയും നാളിതുവരെയുള്ള നഷ്ടം 41.83 കോടി രൂപയുമാണ്. അസംസ്കൃത വസ്തുക്കൾ വാങ്ങിയ വകയിൽ 79.06 ലക്ഷം രൂപയും മറ്റ് ബാദ്ധ്യതകൾ 880.02 ലക്ഷം രൂപയും നൽകാനുണ്ട്.

മറ്റ് ബാദ്ധ്യതകൾ സംബന്ധിച്ച വിശദവിവരങ്ങൾ താഴെച്ചേർക്കുന്നു :

	ലക്ഷം രൂപ
ഇലക്ട്രിസിറ്റി ചാർജ്ജ്	684.87
പി.എഫ്.	104.27
ഇ.എസ്.ഐ.	11.55
ഗ്രാറ്റുവിറ്റി	41.30
കോ-ഓപ്പറേറ്റീവ് വെൽഫെയർ	2.28
സ്റ്റോഴ്സ്	22.48
എൽ.ഐ.സി.	3.42
ലേബർ വെൽഫെയർ ഫണ്ട്	7.61
ബാങ്ക് ഡിഡക്ഷൻസ്	2.24
ആകെ	880.02

കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണം

230 (4221) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിൽ ഇപ്പോൾ കൈത്തറി നെയ്ത്തുകാർക്ക് ആവശ്യമായുള്ള നൂൽ ഉല്പാദനം നടക്കുന്നുവോ; ഇല്ലായെങ്കിൽ പ്രസ്തുത നൂൽ ഏത് വർഷം വരെയാണ് ഉല്പാദിപ്പിച്ചിരുന്നതെന്ന് അറിയിക്കുമോ; ഈ ഉല്പാദനം നിർത്തൽ ചെയ്യുവാനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ ഈ മില്ലിൽ പ്രധാനമായും ഉല്പാദനം നടത്തുന്നത് പോളിസ്റ്റർ കോട്ടൻ നൂലുകളാണോ; എങ്കിൽ ആയതിന്റെ ഉല്പാദനം ലാഭകരമായിട്ടാണോ മുന്നോട്ട് പോകുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ചൈനീസ് വസ്തുക്കളുടെയും, നൂലിന്റെയും അധിക്യം വിപണിയിൽ വളരെ കൂടുതലായതിനാൽ മില്ലിൽ ഉല്പാദിപ്പിക്കുന്ന നൂലിന് വിപണി കണ്ടെത്തി ലാഭകരമാക്കുവാൻ ബുദ്ധിമുട്ടുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം അറിയിക്കുമോ ;

(ഡി) നിലവിൽ മില്ലിന്റെ പ്രവർത്തനം വളരെ നഷ്ടത്തിലാണെന്നും യന്ത്രങ്ങളുടെ ആധുനിക നവീകരണം അത്യാവശ്യമാണെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലേക്ക് സർക്കാരിന്റെ സാമ്പത്തിക വിഹിതം ആവശ്യമായുണ്ടോ; എങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ കൈത്തറി നെയ്ത്തുകാർക്ക് ആവശ്യമായ നൂൽ ഫെബ്രുവരി 2003 വരെ ഉൽപ്പാദിപ്പിച്ചിരുന്നു. മില്ലിലെ വളരെ കാലപ്പഴക്കം ചെന്ന മെഷീനുകളിൽ ഉൽപ്പാദിപ്പിച്ചിരുന്ന കൈത്തറി നൂലിന്റെ ഗുണനിലവാരം നിൽനിർത്താൻ സാധിക്കാത്തതുകൊണ്ടാണ് കൈത്തറി നൂൽ ഉൽപ്പാദനം നിർത്തിയത്.

(ബി) ഇപ്പോൾ പോളിസ്റ്റർ കോട്ടൺ നൂലും കോട്ടൺ നൂലുകളുമാണ് ഉൽപാദിപ്പിക്കുന്നത്. ടെക്സ്റ്റൈൽ മേഖലയിലുള്ള പ്രതിസന്ധി ഈ മില്ലിനെയും ബാധിക്കുകയും മിൽ ഉൽപ്പാദനം ലാഭകരമായി മുന്നോട്ടുപോകാൻ ഇപ്പോൾ സാധിക്കാതെ വരികയും ചെയ്യുന്നു.

(സി) ചൈനീസ് നൂലിന്റെ പ്രൊഡക്ഷൻ കോസ്റ്റ് കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിൽ ഉൽപ്പാദിപ്പിക്കുന്ന നൂലിന്റെ പ്രൊഡക്ഷൻ കോസ്റ്റിനേക്കാൾ കുറവാണ്. ആയതിനാൽ ഡിമാൻഡിൽ കുറവ് വരികയും മാർക്കറ്റിൽ കടുത്ത മൽസരം നേരിടേണ്ടിവരികയും ചെയ്യുന്നു.

(ഡി) നിലവിൽ മിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് ഗുണനിലവാരമുള്ള നൂൽ ഉൽപാദിപ്പിക്കുന്നതിനായി മിൽ നവീകരണത്തിനായുള്ള 57.39 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് സർക്കാർ ശിപാർശ ചെയ്തതിന് എൻ.സി.ഡി.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. എൻ.സി.ഡി.സി. അംഗീകരിച്ച 57.39 കോടി രൂപയുടെ പ്രോജക്ടിൽ അംഗങ്ങളുടെ ഓഹരി പങ്കാളിത്തവിഹിതം 5.73 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly